<u>**14 -ാം കേരള നിയമസഭ**</u>

<u>**22 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 854**</u>  <u>**14-01-2021 - ൽ മറുപടിയ്ക്ക്**</u>

<u>**മറയൂരിലെ ചന്ദനമോഷണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Shri. K Raju**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
| (എ) | മറയൂരിൽ ചന്ദനമോഷണംമൂലം കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായത്; | (എ) | മറയൂരിൽ ചന്ദന മോഷണം മൂലം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 6.43 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | മറയൂരിൽ ചന്ദനമോഷണങ്ങളുടെ എണ്ണം കുറച്ച് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (ബി) | ഉണ്ട്. മറയൂരിൽ ചന്ദനമോഷണങ്ങളുടെ എണ്ണം നിയന്ത്രണത്തിൽ നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 2010 മുതൽ 2020 വരെയുള്ള വർഷങ്ങളിൽ മുറിച്ച മരങ്ങളുടേയും, രജിസ്റ്റർ ചെയ്ത കേസുകളുടേയും എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. മറയൂരിലെ ചന്ദന റിസർവ്വിന് ചുറ്റം വേലികൾ സ്ഥാപിച്ചിട്ടുള്ളതും ബ്ലോക്കുകളായി തിരിച്ച് സംരക്ഷണ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ രാത്രികാല പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റലിജൻസ് സംവിധാനം ശക്തിപ്പെടുത്തി യിട്ടുള്ളതും, കൂടുതൽ ഫീൽഡ് ജീവനക്കാരെയും, ദിവസവേതന വാച്ചർമാരെയും നിയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി യിട്ടുള്ളതുമാണ്. കേസുകൾ യഥാവിധി കോടതിയിൽ ചാർജ്ജ് ചെയ്ത് കുറ്റവാളികൾക്ക് നിയമാനുസൃതമുള്ള കടുത്ത ശിക്ഷ ലഭിക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട് |
| (സി) | മോഷണം കണ്ടെത്തുന്നതിന് ചന്ദനവനത്തിൽ സെൻസറുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി യു.എൻ.ഡി.പി.യുടെ സഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ടി പദ്ധതി നിർവഹണത്തിനായി UNDP - യിൽ നിന്നും 2.40 ലക്ഷം രൂപ, 23/12/2019- ൽ, ആദ്യഗഡുവായും 3.60 ലക്ഷം രൂപ, 23/10/2020 -ൽ, രണ്ടാം ഗഡുവായും ലഭിച്ചിട്ടുണ്ട്. ടി ലഭിച്ച സഹായത്തിന്റെ അടിസ്ഥാനത്തിൽ ചന്ദന വനത്തിൽ സെൻസറുകൾ സ്ഥാപിക്കുന്ന തിനുളള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ